# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ഡിസംബർ 24

# വാർത്താക്കുറിപ്പ്

## ഇന്റേണൽ മാർക്കുകൾ 30നകം അപ്‌ലോഡ് ചെയ്യണം

രണ്ടാം സെമസ്റ്റർ യു.ജി. (സി.ബി.സി.എസ്.), രണ്ടാം സെമസ്റ്റർ പി.ജി. (പി.ജി. സി.എസ്.എസ്.) പരീക്ഷകളുടെയും, ഒന്നാം സെമസ്റ്റർ ബി.എഡ്. പരിക്ഷകളുടെയും ഇന്റേണൽ മാർക്കുകൾ ഡിസംബർ 30ന് വൈകീട്ട് അഞ്ചുവരെ അപ്‌ലോഡ് ചെയ്യാം.

(പി.ആർ.ഒ/39/1360/2020)

## പരീക്ഷഫലം

2020 ജനുവരിയിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ് സി. ഇലക്‌ട്രോണിക്‌സ് സപ്ലിമെന്ററി (അദാലത്ത് - സ്‌പെഷൽ മേഴ്‌സി ചാൻസ് 2018) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി ഏഴുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1361/2020)

2020 ജനുവരിയിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ് സി. ഇലക്‌ട്രോണിക്‌സ് സപ്ലിമെന്ററി (അദാലത്ത് - സ്‌പെഷൽ മേഴ്‌സി ചാൻസ് 2018) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി ഏഴുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1362/2020)

## സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് സോഷ്യൽ സയൻസിൽ 2020 അഡ്മിഷൻ എം.എ. ആന്ത്രോപ്പോളജി പ്രോഗ്രാമിൽ എസ്.സി./എസ്.ടി. വിഭാഗങ്ങളിൽ ഓരോ സീറ്റൊഴിവുണ്ട്. യോഗ്യരായ വിദ്യാർഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി ഡിസംബർ 28ന് രാവിലെ 11.30ന് സ്‌കൂൾ ഓഫ് സോഷ്യൽ സയൻസ് ഓഫീസിൽ എത്തണം.

(പി.ആർ.ഒ/39/1363/2020)

## ഓൺലൈൻ കരിയർ ആപ്റ്റിറ്റിയൂഡ് ടെസ്റ്റ് പരിശീലനം

മഹാത്മാഗാന്ധി സർവകലാശാല എംപ്ലോയ്‌മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയുടെയും പൊതുവിദ്യാഭ്യാസ വകുപ്പ് വി.എച്ച്.എസ്.ഇ. വിഭാഗത്തിന്റെയും ആഭിമുഖ്യത്തിൽ വി.എച്ച്.എസ്.ഇ. കരിയർ മാസ്റ്റർമാർക്കായി സംസ്ഥാനതല ഓൺലൈൻ കരിയർ ആപ്റ്റിറ്റിയൂഡ് ടെസ്റ്റ് പരിശീലനം സംഘടിപ്പിക്കുന്നു. ജനുവരി ഒന്നുമുതൽ 16 വരെയാണ് പരിശീലനം. പരിശീലന പരിപാടിയുടെ ഉദ്ഘാടനം ഡിസംബർ 28ന് രാവിലെ 10ന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് നിർവഹിക്കും. പൊതുവിദ്യാഭ്യാസ ഡയറക്ടർ കെ. ജീവൻബാബു അധ്യക്ഷത വഹിക്കും. യൂണിവേഴ്‌സിറ്റി എംപ്ലോയ്‌മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോ മേധാവി പ്രൊഫ. ടി.വി. തുളസീധരൻ, നാഷണൽ എംപ്ലോയ്‌മെന്റ് സർവീസ് ജോയിന്റ് ഡയറക്ടർ എം.എ. ജോർജ് ഫ്രാൻസിസ്, വിദ്യാഭ്യാസ വകുപ്പ് ഡപ്യൂട്ടി ഡയറക്ടർ ഡോ. ഇ.ആർ. മിനി, സി.ജി.സി.സി. സംസ്ഥാന കോ-ഓർഡിനേറ്റർ എ. എം. റിയാസ്, സംസ്ഥാന വൊക്കേഷണൽ ഗൈഡൻസ് ഓഫീസർ ടി. സജിത് കുമാർ,

ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ ജി. ജയശങ്കർ പ്രസാദ്, ഡെപ്യൂട്ടി ചീഫ് ആർ. ദീപു എന്നിവർ പങ്കെടുക്കും.

(പി.ആർ.ഒ/39/1364/2020)

## എം.ജി.യിൽ അധ്യാപക ഒഴിവ്; ജനുവരി 15 വരെ അപേക്ഷിക്കാം

മഹാത്മാഗാന്ധി സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിൽ ഒഴിവുള്ള അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ തസ്തികകളിലേക്ക് നിയമനത്തിനുള്ള അപേക്ഷ തീയതി നീട്ടി. www.mgu.ac.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി ജനുവരി 15 വരെ അപേക്ഷിക്കാം. ഓൺലൈൻ അപേക്ഷയുടെ രണ്ട് പകർപ്പുകളും മറ്റുരേഖകളുടെ പകർപ്പുകളും ഡെപ്യൂട്ടി രജിസ്ട്രാർ -2 (ഭരണവിഭാഗം) മഹാത്മാഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ. കോട്ടയം, പിൻ: 686560 എന്ന വിലാസത്തിൽ ജനുവരി 25നകം നൽകണം. വിശദവിവരവും വിജ്ഞാപനവും സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/1365/2020)

**എ. അരുൺകുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ